Draft #4 of File p&D1/3/p595/2018 A-sub file Approved by DEPUTY REGISTRAR (P & D) on 02-Sep-2019 02:07 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ എം ടെക് കോഴ്സ് പുനരാരംഭിക്കുന്നത് സംബന്ധിച്ചും, സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസ് -ന്റെ കെട്ടിടത്തിന് ഫയർ &സേഫ്റ്റി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി നടത്തേണ്ട നിർ മ്മാണ പ്രവർ ത്തികളുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നത് സംബന്ധിച്ചുമുള്ള - സിൻഡിക്കേറ്റ് തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പ്ലാനിംഗ് & ഡവലപ്മെന്റ് 1**

നമ്പർ. 4223/P&D 1/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 03.09.2019

---

പരാമർശം:-1.സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസ് വകുപ്പ് മേധാവിയുടെ 14/ 02/ 2018 തീയതിയായുള്ള കത്ത് നം SOCS /112/M.tech/AICTE2017-18

2. യു .ഒ .നം 922/ADA3/2019/എം ജി യു തീയതി 8 / 3/ 2019

3. കത്ത് നം ഇ യു ഡബ്ല്യൂ 23 / 19 ,തീയതി 02 / 02 / 2019 പ്രകാരം സർവ്വകലാശാല എഞ്ചിനീയർ സമർപ്പിച്ച എസ്റ്റിമേറ്റ്

4.17 / 07 /2019 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നം 55/ 19 .06 / p 595 / 2019 / DDFS

**ഉത്തരവ്**

സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ M.Tech കോഴ്സ് പുനരാരംഭിക്കുന്നതിനു AICTE – യുടെ അംഗീകാരത്തിനുള്ള അപേക്ഷയോടൊപ്പം ഫയർ & സേഫ്റ്റി സർട്ടിഫിക്കറ്റ് കൂടി സമർപ്പിക്കേണ്ടതുണ്ട് എന്ന് വകുപ്പ് മേധാവി പരാമർശം ( 1 ) പ്രകാരം അറിയിച്ചിരുന്നു .

സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസിൽ M.Tech കോഴ്സ് പുനരാരംഭിക്കുന്നതിന് AICTE -യുടെ അംഗീകാരത്തിനായി അപേക്ഷ സമർപ്പിക്കുന്നതിനും , പ്രസ്തുത അപേക്ഷയോടൊപ്പം കെട്ടിടത്തിന്റെ ഫയർ & സേഫ്റ്റി സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിനും, M.Tech കോഴ്സ് 2018-19 അദ്ധ്യയന വർഷം മുതൽ ആരംഭിക്കുന്നതിനും 30/06/2018 -നു കൂടിയ സിൻഡിക്കേറ്റ് തീരുമാനിച്ചിട്ടുണ്ട് തദനുസരണം പരാമർശം (2) പ്രകാരം സർവകലാശാല ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർവകലശാലാ എഞ്ചിനീയർ ടി കെട്ടിടത്തിന് ഫയർ & സേഫ്റ്റി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി നടത്തേണ്ട നിർമ്മാണ പ്രവൃത്തികൾക്കായി പരാമർശം (3) പ്രകാരം 4,11,000/- രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചു .

എന്നാൽ സർവ്വകലാശാല നേരിട്ട് നടത്തിയിരുന്ന സ്വാശ്രയ സ്ഥാപനങ്ങളും കോഴ്സുകളും 2017 -18 അദ്ധ്യയന വർഷം മുതൽ നിർത്തലാക്കുവാൻ തിരുമാനമെടുത്തിരുന്നു. ടി സാഹചര്യത്തിൽ സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ സ്വാശ്രയ M.Tech കോഴ്സ് പുനരാരഭിക്കുന്നത് സംബന്ധിച്ചുള്ള തീരുമാനമെടുക്കുന്നതിനും, ടി കെട്ടിടത്തിന് ഫയർ & സേഫ്റ്റി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് നടത്തേണ്ട നിർമ്മാണ പ്രവൃത്തികൾക്കായി സർവ്വകലാശാലാ എഞ്ചിനീയർ സമർപ്പിച്ച 4,11,000/- (നാലു ലക്ഷത്തി

പതിനൊന്നായിരം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് പരിഗണിക്കുന്നതിനും സിൻഡിക്കേറ്റ് മുൻപാകെ സമർപ്പിക്കുവാൻ വൈസ് ചാൻസിലർ ഉത്തരവായിരുന്നു .

ടി വിഷയങ്ങൾ പരിഗണിച്ച 2019 ജൂലൈ മാസം 17-ാം തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് പരാമർശം (4 ) പ്രകാരം താഴെ പറയുന്ന തിരുമാനങ്ങൾ എടുത്തു .

(1) സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ ആരംഭിക്കുവാനുദ്ദേശിക്കുന്ന M.Tech കോഴ്സ് ഇപ്പോൾ കോടതികളിൽ നിലനിൽക്കുന്നതും വരാനിരിക്കുന്നതുമായ എല്ലാ കേസുകളിലും പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ടി കോഴ്സ് ആരംഭിക്കേണ്ടതില്ല .

(2) സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസ് കെട്ടിടത്തിന് ഫയർ & സേഫ്റ്റി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് സർവകലാശാല എഞ്ചിനീയർ സമർപ്പിച്ച 4,11,000/– രൂപയുടെ (നാലു ലക്ഷത്തി പതിനൊന്നായിരം രൂപ മാത്രം) എസ്റ്റിമേറ്റ് അംഗീകരിച്ചു. പ്രസ്തുത പ്രവർത്തിക്കുള്ള ചെലവ് നടപ്പു സാമ്പത്തിക വർഷത്തെ '21 408 04 – Electrical Installations & Fittings" എന്ന ബജറ്റ് ശീർഷകത്തിൽ വകയിരുത്താവുന്നതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദിലീപ് കുമാർ ആർ

ഡപ്യൂട്ടി രജിസ്ട്രാർ (പി & ഡി)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1 .സർവകലാശാല എഞ്ചിനീയർ (തുടർ നടപടികൾക്കായി )
2 . വി സി ,പി വി സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3 . രജിസ്ട്രാർ / ഫിനാൻസ് ഓഫീസർ എന്നിവരുടെ പേഴ്സണൽ അസ്സിസ്റ്റന്റുമാർ
4 . വകുപ്പ് മേധാവി ,സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസ്
5. University Engineer/ Engineering Unit
6. ഫിനാൻസ് IV ഓഡിറ്റ് 1 / അക്കൗണ്ട്സ് v / എ .സി . എ V
7. ജനറൽ ക്യാഷ് / എ ഡി ഡി / സി എം സ് / റെക്കോർഡ്സ്
8. ജോ . ഡയറക്ടർ ,കെ എസ് എ ഡി മഹാത്മാഗാന്ധി സർവകലാശാല കാര്യാലയം

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #4 of File p&D1/3/p595/2018 A-sub file Approved by DEPUTY REGISTRAR (P & D) on 02-Sep-2019 02:07 PM - Page 2